ഗവേഷണ കേന്ദ്രത്തിലെ ഡോ. രാധാകൃഷ്ണൻ നായർ, കാർഷിക സർവ്വകലാശാലയിലെ മുൻ പ്രൊഫസർമാരായ ഡോ. വിശാലാക്ഷി, ഡോ. എബ്രഹാം എന്നിവർ അംഗങ്ങളാണ്.

മി. സ്പീക്കർ : ചോദ്യം വളരെ ലെംഗ്തിയായി പോകുന്നുണ്ട്. അത് ചട്ടപ്രകാരം പാടില്ലാത്തതാണ്. പക്ഷെ ഇതിന്റെ പ്രാധാന്യം വച്ചുകൊണ്ട് അനുവദിച്ചതാണ്.

2 (*53) മണ്ഡരി രോഗനിവാരണത്തിനായി നടപടികൾ

ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി രോഗനിവാരണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത രോഗത്തിന്റെ ആക്രമണം ഏതൊക്കെ ജില്ലകളിലാണ് അധികമായി കണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ജില്ലയിലും എത്ര ശതമാനം തെങ്ങുകളെ ഈ രോഗം ബാധിച്ചിട്ടുണ്ട്;

(സി) ഈ രോഗം തടയുന്നതിന് ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രത്തിൽനിന്നും സഹായം അഭ്യർത്ഥിച്ചിച്ചുണ്ടോ; എങ്കിൽ എന്തു തുകയുടെ സഹായം തേടി; ഇതിന് കേന്ദ്രഗവൺമെന്റിൽനിന്നും എന്ത് പ്രതികരണമാണുണ്ടായിട്ടുള്ളത്;

(ഡി) തെങ്ങുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന രോഗനിവാരണ പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(എഫ്) മണ്ഡരിരോഗത്തിന് എതിരായി മരുന്നുതളിയ്ക്ക് എന്തു തുകയുടെ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്;

(ജി) തെങ്ങുരോഗത്തെ സംബന്ധിച്ചുള്ള എന്തൊക്കെ ഗവേഷണപ്രവർത്തനങ്ങളാണ് കാർഷിക സർവ്വകലാശാലയിൽ നടന്നുവരുന്നതെന്നു വെളിപ്പെടുത്തുമോ;

(എച്ച്) പ്രസ്തുത രോഗത്തിനെതിരായുള്ള ബോധവൽക്കരണം എങ്ങനെ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഐ) ഈ രോഗം ഇതിനുമുമ്പ് എവിടെയെല്ലാം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ

LIBRARY ARCHIVES Kerala Legislative Assembly

(എ) മണ്ഡരി ഒരു രോഗബാധയല്ല. ചിലന്തി വർഗ്ഗത്തിൽപ്പെട്ട ഒരു സൂക്ഷ്മജീവിയാണിത്. മണ്ഡരിബാധ ആദ്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നു. ജനപ്രതിനിധികൾ, ശാസ്ത്രജ്ഞന്മാർ, കൃഷി വകുപ്പുദ്യോഗസ്ഥന്മാർ എന്നിവരുടെ നിരവധി യോഗങ്ങൾ ഇതിനായി സംഘടിപ്പിച്ചിരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവ്വകലാശാല നാളികേര വികസനബോർഡ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, കൃഷി വകുപ്പു സെക്രട്ടറി, ഡയറക്ടർ അടങ്ങിയ ഒരു ഉന്നതാധികാര സാങ്കേതിക സമിതിയെ നിയോഗിച്ചു, ആദ്യ ഘട്ടത്തിൽ 374 ഹെക്ടർ സ്ഥലത്ത് മണ്ഡരി നിയന്ത്രിക്കുവാനുള്ള മണ്ഡരിനാശിനി 70462 തെങ്ങുകൾക്ക് തളിച്ചു.

താൽക്കാലികമായി മണ്ഡരിയെ നിയന്ത്രിക്കുവാൻ കഴിഞ്ഞുവെങ്കിലും തുടർന്നുവന്ന വേനൽകാലത്ത് മണ്ഡരിബാധ മറ്റു ജില്ലകളിലും കണ്ടുതുടങ്ങി. ഇതിനെത്തുടർന്ന് കാർഷിക സർവ്വകലാശാല നിർദ്ദേശിച്ച രാസകീടനാശിനിയും ജൈവകീടനാശിനിയും ഉപയോഗിച്ചുള്ള മണ്ഡരി നിയന്ത്രണം ആരംഭിച്ചു. തൃശ്ശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിലായി 27 ലക്ഷത്തിൽപരം തെങ്ങുകൾക്ക് മണ്ഡരിനാശിനി തളിക്കുന്നതിന് കഴിഞ്ഞു. സംഘടിതമായ മണ്ഡരിനാശിനി തളിക്കുന്നതിന് മരുന്നിന് 3 രൂപയും കയറ്റകൂലിയായി 3 രൂപയും കൃഷി വകുപ്പ് തെങ്ങൊന്നിന് നൽകുന്നു. ഇതുകൂടാതെ 3 രൂപ പഞ്ചായത്തും നൽകുന്നു. ആദ്യഘട്ടത്തിൽ ചെലവാക്കിയ 330 ലക്ഷം രൂപയ്ക്കു പുറമെ 18 കോടി രൂപ കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. അധികചെലവിനായി 10 കോടി രൂപ മന്ത്രിസഭ അനുവദിച്ചിട്ടുണ്ട്. മരുന്നുതളിയും മണ്ഡരിബാധയുണ്ടായ തെങ്ങുകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകാനും കേന്ദ്രസഹായം യഥാസമയം ആവശ്യപ്പെട്ടിട്ടുണ്ട്. ജൈവനിയന്ത്രണ മാർഗ്ഗങ്ങളും മിത്രപ്രാണികളെ വികസിപ്പിച്ചെടുക്കാനുമുള്ള ശ്രമങ്ങളും തുടരുന്നു.

(ബി) കാസർഗോഡ്, വയനാട്, ഇടുക്കി എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും മണ്ഡരിബാധ ഉണ്ടായിട്ടുണ്ട്. ഏതാണ്ട് 20.09% തെങ്ങുകൾക്ക് മണ്ഡരി ബാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. 100 കോടി രൂപയുടെ കേന്ദ്രസഹായമാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. കേന്ദ്രമന്ത്രിയുമായുള്ള ചർച്ചയിൽ ഈ ആവശ്യം പരിശോധിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) മണ്ഡരി ബാധിച്ച നാളികേരത്തിനു മാത്രമേ ദോഷം ഉണ്ടാകുന്നുള്ളൂ. തെങ്ങുകൾക്ക് നാശം ഉണ്ടാകുന്നില്ല. നാളികേരത്തെ സംരക്ഷിക്കുവാൻ മണ്ഡരിനാശിനി തളിക്കുന്ന പ്രവർത്തനം വ്യാപകമാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. മരുന്നുതളിയുടെ കൂലിച്ചെലവിൽ തെങ്ങൊന്നിന് മൂന്ന് രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതാണ്. കൃഷി വകുപ്പിന്റെ വിഹിതം കൂടിച്ചേർത്ത് തെങ്ങൊന്നിന് 9 രൂപ നൽകുന്നു.

(എഫ്) 195 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടത്തിലേയ്ക്കായി 18 കോടി രൂപ നൽകിക്കഴിഞ്ഞു.

(ജി) വ്യത്യസ്ത മണ്ഡരിനാശിനികൾ ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയെപ്പറ്റി ഗവേഷണം നടത്തി വരുന്നു.

(എച്ച്) പഞ്ചായത്തുതലം മുതൽ സംസ്ഥാനതലം വരെ കേരകർഷകരുടെയും ജനപ്രതിനിധികളുടെയും കർഷകസംഘടനകളുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ച ചെയ്തിട്ടുണ്ട്. മാധ്യമങ്ങളും പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) മണ്ഡരി ഇതിനുമുമ്പ് തെക്കേ അമേരിക്കൻ രാജ്യങ്ങൾ, മെക്സിക്കോ കരീബിയൻ ദ്വീപസമൂഹങ്ങൾ, കൊളംബിയ, ക്യൂബ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ ഉണ്ടായിട്ടുണ്ട്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, മണ്ഡരി ബാധക്ക് മരുന്നു തളിക്കാൻ ആവശ്യത്തിന് ആളുകളെ കിട്ടാത്തതുകൊണ്ട് പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്ക്കരിച്ചാലും മരുന്നുതളി നടക്കുന്നില്ല. അതുകൊണ്ട് കൃഷിക്കാർ നേരിട്ട് ഇനിഷ്യേറ്റീവ് എടുത്ത് മരുന്ന് തളിക്കുകയും അതിന് വേണ്ടിവരുന്ന സംഖ്യ കേരസമിതി മുഖേന കൃഷിക്കാർക്ക് അനുവദിക്കുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, കൃഷിക്കാർ നേരിട്ട് മണ്ഡരിനാശിനി തളിച്ചാൽ അതിനെ കേരസമിതിയും കൃഷി വകുപ്പ് ഉദ്യോഗസ്ഥനും ഗ്രാമപഞ്ചായത്തും കൂടി സർട്ടിഫൈ ചെയ്യുകയാണെങ്കിൽ ഈ സംഖ്യ കൃഷിക്കാരന് കൊടുക്കാൻ തയ്യാറാണ്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് എന്ന സ്ഥാപനത്തിൽ നിന്നുള്ള മരുന്നിന് നൂറു മില്ലീലിറ്ററിന് പത്തൊൻപതര രൂപയാണ് വില. അഞ്ഞൂറു ലിറ്ററോളം ഒരു പഞ്ചായത്തിൽ വേണ്ടിവരും. ഇത് ഇടനിലക്കാരായ സ്വകാര്യ കച്ചവടക്കാർ മുഖാന്തിരം വിതരണം ചെയ്യുന്നു എന്നുള്ളതുകൊണ്ട് നൂറു മില്ലീലിറ്റർ മരുന്നിന് ഇരുപത്തേഴര രൂപയാണ് വില. നൂറ് മില്ലീലിറ്ററിന് എട്ടു രൂപ എന്ന നിരക്കിൽ കർഷകർക്ക് നഷ്ടവും ഇടത്തട്ടുകാരന്റെ ചൂഷണവുമുണ്ടാകുന്നു. അത് ഒഴിവാക്കാൻ കൃഷിക്കാരന് മരുന്നു തളിക്കാനുള്ള സംഖ്യ നേരിട്ടു കൊടുക്കാൻവേണ്ട നടപടി സർക്കാർ കൈക്കൊള്ളുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഗവൺമെന്റ് അറിഞ്ഞിടത്തോളം കേരളത്തിൽ സ്വകാര്യ ഏജൻസി ഇതിനില്ല. കമ്പനി നേരിട്ടാണ് മരുന്നു വിതരണം ചെയ്യുന്നത്. വാർഡുതോറുമുള്ള കേര സംരക്ഷണ സമിതിക്കോ ആ പഞ്ചായത്തിലുള്ള സർവ്വീസ് സഹകരണ ബാങ്കിനോ സഹകരണസംഘങ്ങൾക്കോ ഈ രംഗത്ത് കമ്പനിയിൽനിന്നും നേരിട്ട് ശേഖരിക്കാവുന്നതാണ്. കമ്പനി നേരിട്ട് ഇവർക്ക് മരുന്നു നൽകുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ബാബു</u> : സർ, ഈ രോഗം ആദ്യം വന്നത് എറണാകുളം ജില്ലയിലെ ആമ്പല്ലൂർ പഞ്ചായത്തിലാണ്. ഈ രോഗം ആദ്യം ബാധിച്ചയുടനെ അങ്ങുതന്നെ ഇടപെട്ട് അവിടെ ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ കാർഷിക യൂണിവേഴ്സിറ്റിയിലേയും കൃഷി ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥൻമാർ പങ്കെടുത്ത് ചർച്ചചെയ്തുകൊണ്ട് മൂന്നു സ്പോട്ടുകളായി പ്രത്യേകം തെരഞ്ഞെടുത്ത് ട്രീറ്റുമെന്റ് നടത്താൻ തീരുമാനിച്ചു. ഒരു ട്രീറ്റുമെന്റ് നടത്തി. പിന്നെ ആ ഉദ്യോഗസ്ഥൻമാർ ആ ഭാഗത്തേക്ക് തിരിഞ്ഞുനോക്കിയിട്ടില്ല. മണ്ഡരി ബാധിച്ച നാളികേരം പരിശോധനയ്ക്കായി വെള്ളായണിയിലേക്കും തൃശൂരിലേക്കും കൊണ്ടുപോയി. ഇവർ പഠനം പൂർത്തിയായി വന്നപ്പോൾ പതിനൊന്നു ജില്ലകളിൽ മണ്ഡരിരോഗം ബാധിച്ചു കഴിഞ്ഞിരിക്കുകയാണ്. കാർഷിക യൂണിവേഴ്സിറ്റിക്ക് കാറ്റ് വീഴ്ചയ്ക്ക് തൊണ്ണൂറു വർഷമായിട്ടും മരുന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ രോഗത്തിന് വളരെ പെട്ടെന്ന് അവർ മരുന്നു കണ്ടുപിടിച്ചിരിക്കുന്നു. അതുകൊണ്ട് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കോംപീറ്റൻസിയെക്കുറിച്ച് വ്യാപകമായ തർക്കങ്ങൾ ഉയർന്നു വന്നിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിലെ തെങ്ങുകളെ മുഴുവൻ ബാധിച്ചിരിക്കുന്ന ഈ രോഗം കണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ത്താൻ ദേശീയ തലത്തിലോ അന്തർദേശീയ തലത്തിലോ ഏതെങ്കിലും ഏജൻസിയെ നിയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഈ ബാധ എറണാകുളം ജില്ലയിലാണ് ആദ്യം കണ്ടത്. ആ പ്രദേശത്തെ തെങ്ങുകൾക്ക് മുഴുവൻ മണ്ഡരിനാശിനി തളിക്കാനുള്ള നടപടി സ്വീകരിച്ചു. ഇത് ഈ രാജ്യത്ത് ആദ്യമായി കണ്ടിട്ടുള്ള ജീവിയാണ്. അതിനെ പ്രതിരോധിക്കാൻ ആവശ്യമായിട്ടുള്ള പരീക്ഷണഗവേഷണങ്ങൾ ആവശ്യമാണ്. അത് സമയബന്ധിതമായി കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രവുമാണ് നടത്തിയിട്ടുള്ളത്. ആ രണ്ട് ഏജൻസികളും ശുപാർശ ചെയ്തിട്ടുള്ള മണ്ഡരി നാശിനി ഉപയോഗിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. ഇതിനെ സംബന്ധിച്ച് കേന്ദ്ര തോട്ടവിള ഏജൻസിയുടെ ശാസ്ത്രജ്ഞൻമാർക്കും കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാർക്കും ഏകാഭിപ്രായമാണുള്ളത്. ഒരു വ്യത്യസ്താഭിപ്രായവും നിലവിലില്ല.

<u>ശ്രീ. കെ. ബാബു</u> : സർ, രണ്ടു ദിവസമായി എറണാകുളത്ത് ചോറ്റാനിക്കരയിൽ കാർഷിക വികസനവും കീടനാശിനി നിയന്ത്രണവും എന്നപേരിൽ ശില്പശാല നടന്നു. ബുദ്ധിജീവികളായി അറിയപ്പെടുന്ന ആളുകളും മറ്റു ശാസ്ത്രജ്ഞൻമാരും പങ്കെടുത്ത ആ ശില്പശാലയുടെ പ്രധാന ശുപാർശ ഇന്ന് ഈ രോഗത്തിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള ഡൈക്കോഫോൾ വളരെ അപകടകരമാണ് അത് ഉപയോഗിക്കാൻ പാടില്ല എന്നതാണ്. ഇത് കാൻസർ രോഗം പരത്തുന്ന ഒന്നാണ്. അതുകൊണ്ട് ഇത് ഉപയോഗിക്കുന്നത് വളരെ അപകടകരമാണെന്നുള്ള നിലയിൽ പത്രങ്ങളിൽ വാർത്തകൾ വന്നിട്ടുണ്ട്. ആ ശില്പശാലയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജനങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയേറെ ആശങ്കയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്തത്തക്ക വിധത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ജനങ്ങളിൽ ആശങ്ക പരത്താൻ ശ്രമിക്കുന്നവർ എത്ര ബുദ്ധിജീവികളായാലും ശരി അവരുടെ സമീപനം ഉത്തമ താല്പര്യമാണെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ ഗവൺമെന്റിന് ആശ്രയിക്കാൻ കഴിയുന്നത് കാർഷികസർവ്വകലാശാലയെയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തെയുമാണ്. ഈ രണ്ട് ഗവേഷണ ഏജൻസികളെയാണ് ഗവൺമെന്റ് ആശ്രയിച്ചത്. അവരുടെ ഏകകണ്ഠമായ ശുപാർശയാണ് ഗവൺമെന്റ് നടപ്പാക്കുന്നത്. അതിനെ സംബന്ധിച്ച് കാർഷിക സർവ്വകലാശാല ആധികാരികമായി ഞങ്ങൾക്ക് എഴുതി തന്നിട്ടുണ്ട്. ഈ ഡൈക്കോഫോൾ എന്നുപറയുന്നത് ഒരു വിധത്തിലും മാരകമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒന്നല്ല. ഇത് കേരളത്തിൽ മൂന്നാറിലും ദേവികുളത്തും തേയിലക്ക് ഇപ്പോഴും തളിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ഇക്കാര്യത്തിൽ കർക്കശമായ നിലപാട് സ്വീകരിക്കുന്ന പല രാജ്യങ്ങളിലും ഓറഞ്ചിനു ഇപ്പോഴും ഈ ഡൈക്കോഫോൾ തളിക്കുന്നുവെന്നുള്ളത് കാർഷിക സർവ്വകലാശാല രേഖാമൂലം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, എ. ചോദ്യത്തിനു മറുപടിയായി മണ്ഡരി രോഗമല്ല ഒരു സൂക്ഷ്മ ജീവിബാധയാണ് എന്നുപറഞ്ഞു. മനുഷ്യന്റെയും മൃഗങ്ങളുടെയും ശരീരത്തിൽ വൈറസ് കടക്കുമ്പോഴാണ് രോഗമാകുന്നത്.

<u>മി. സ്പീക്കർ</u> : ബാധ എന്നുപറയുന്നത് രോഗമാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : ഇവിടെ മുഖ്യമന്ത്രി സമ്മേളനം വിളിച്ചുകൂട്ടിയതും ബഹുമാനപ്പെട്ട മന്ത്രി സമ്മേളനം വിളിച്ചുകൂട്ടിയതും മണ്ഡരി

LIBRARY ARCHIVES Kerala Legislative Assembly

രോഗം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ്. മണ്ഡരി ഒരു രോഗമല്ലെന്ന പുതിയ കണ്ടെത്തലുമായി മന്ത്രി ഈ സഭയിൽ വന്നിരിക്കുന്നതു തന്നെ തെറ്റാണ്. അടിസ്ഥാനപരമായി ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരം തന്നെ തെറ്റാണ്. 1998-ൽ ഇൻഡ്യൻ നാളികേര ബോർഡിന്റെ ജൂണിലെ പ്രസിദ്ധീകരണത്തിൽ ആദ്യമായി മണ്ഡരി രോഗം കേരളത്തിലെ നാളികേര മേഖലയിൽ വന്നിരിക്കുന്നു എന്നുപറഞ്ഞിട്ടുണ്ട്. കീടനാശിനിയുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റിൽ പുതിയ വിവാദം വന്നിരിക്കുന്നു. തക്കസമയത്ത് ചെയ്യേണ്ട കാര്യം ചെയ്തില്ല. ഔദ്യോഗികമായി അന്ന് ഈ രോഗം സംബന്ധിച്ച് പറഞ്ഞിട്ട് എന്തു ചെയ്തു. തേങ്ങ, കരിക്ക്, ഓല തുടങ്ങിയവ മറ്റു പ്രദേശങ്ങളിലേക്കു കൊണ്ടുപോകാൻ പാടില്ല എന്ന നിർദ്ദേശം 88-ൽ വന്നതാണ്. ഈ രോഗം കണ്ടെത്തിയ ഉടനെ ചെയ്യേണ്ട കാര്യങ്ങൾ ബന്ധപ്പെട്ട ആളുകൾ പറഞ്ഞപ്പോൾ ചെയ്യാതിരുന്ന മന്ത്രിസഭയും മന്ത്രിയും ഡിപ്പാർട്ടുമെന്റും ഇവിടെ കീടനാശിനിയെ വിവാദമാക്കി. സർ, ബുദ്ധിജീവികളെ തലയിൽ വച്ചു നടക്കുന്നത് ഞങ്ങളല്ല ഇവരൊക്കെയാണ്. രണ്ടു വർഷം മുമ്പ് മണ്ഡരി രോഗം പറഞ്ഞപ്പോൾ തമാശയിലെടുത്തു. ഇന്ന് മലയാള മനോരമയിൽ മണ്ഡരിക്ക് പുറമെ പൂച്ചാഴിയും-എന്നു പറഞ്ഞിട്ടു കാര്യമുണ്ടോ; മണ്ഡരി രോഗത്തിനു പുറമെ ഇപ്പോൾ നാളികേര മേഖലയിൽ പൂച്ചാഴിയും ഉണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാരും കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻമാരും ഗവൺമെന്റിന് എഴുതി തന്നിട്ടുള്ളത് മണ്ഡരി ഒരു രോഗമല്ല അതൊരു കീടബാധയാണ് എന്നാണ്. അതുകൊണ്ടാണ് ഗവൺമെന്റ് അത് രോഗമല്ലെന്ന് പറയുന്നത്. കാരണം അവരാണു പറയേണ്ടത്. ഇതു 1998-ൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹുമാനപ്പെട്ട കെ. ബാബു ഇവിടെ സൂചിപ്പിച്ചതുപോലെ ഗവൺമെന്റ് അതിൽ ഇടപെട്ട് ആ പ്രദേശത്ത് മണ്ഡരി നാശിനി തളിച്ചു. 100% പ്രതിരോധിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായി. മറിച്ചുള്ളതൊക്കെ വെറും രാഷ്ട്രീയ പ്രചരണത്തിനുവേണ്ടിയുള്ളതാണ്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : മണ്ഡരി രോഗ നിയന്ത്രണത്തിന് നാളികേര ബോർഡ് 96 ലക്ഷം രൂപ അനുവദിച്ചു. ആ പണം കിട്ടിയോ; ആ പണം കിട്ടി ചെലവാക്കുന്നതിനാവശ്യമായ പ്രോജക്ട് തയ്യാറായി നാളികേര ബോർഡിന് കൊടുത്തിട്ടുണ്ടോ; എന്ന് അനുവദിച്ചു; എന്തുചെയ്തു?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കഴിഞ്ഞ സാമ്പത്തിക വർഷാവസാനമാണ് 96 ലക്ഷം രൂപ ബോർഡ് തന്നത്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചേ ചെലവാക്കാൻ കഴിയൂ. അതുകൊണ്ട് ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ 96 ലക്ഷം രൂപയും ചെലവഴിച്ച് ആ ചെലവഴിച്ച മാർഗ്ഗത്തെ സംബന്ധിച്ച് നാളികേര ബോർഡിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : മണ്ഡരി രോഗബാധയെത്തുടർന്ന് നാളികേര വികസന ബോർഡും മറ്റ് ഉദ്യോഗസ്ഥൻമാരും ചേർന്ന് ജൂൺ-ജൂലൈ മാസങ്ങളിൽ പരിശോധന നടത്തി, ഇങ്ങനെ രോഗമുണ്ടെന്നുള്ള റിപ്പോർട്ടൊക്കെ വന്നു. എന്റെ ചോദ്യം ജൂൺ-ജൂലൈ മാസത്തിൽ മണ്ഡരി രോഗബാധയുണ്ടെന്നും നാളികേര വികസന ബോർഡ് അതിന് സഹായം അനുവദിക്കാമെന്നും പറഞ്ഞിട്ട് എന്തുകൊണ്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നാളികേര വികസന ബോർഡിന് കൊടുക്കാൻ ഗവൺമെന്റ് കാലതാമസം വരുത്തി?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഒരു കാലതാമസവുമുണ്ടായില്ല. അന്ന് മണ്ഡരി ബാധിച്ച തെങ്ങുകൾക്ക് മണ്ഡരി നാശിനി തളിക്കാനുള്ള 5

LIBRARY ARCHIVES Kerala Legislative Assembly

കോടി 60 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് നാളികേരവികസനബോർഡ് കൊടുത്തിരുന്നു. അതിനുശേഷമാണ് 96 ലക്ഷം രൂപ അവർ അനുവദിച്ചത്.

ശ്രീ. പി.പി. തങ്കച്ചൻ : കാർഷിക സർവ്വകലാശാലയുടെ ഔദ്യോഗിക കുറിപ്പിൽ ജൈവ കീടനാശിനിയാണ് ഏറ്റവും ഫലപ്രദമെന്നും അതില്ലാതെ വന്നാൽ മാത്രമേ മറ്റ് രാസ കീടനാശിനി ഉപയോഗിക്കാൻ പാടുള്ളൂവെന്നുമാണ് കാണുന്നത്. അപ്പോൾ ജൈവ കീടനാശിനിയുണ്ടാക്കാൻ വേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു; അങ്ങനെ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണോ കെമിക്കൽ കീടനാശിനി അടിക്കാനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്; ഗവൺമെന്റ് ആ കാര്യത്തിൽ എന്താണ് ചെയ്തത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : രണ്ട് കീടനാശിനികളും ശുപാർശ ചെയ്തിട്ടുള്ളത് കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമാണ്. അതാത് പ്രദേശത്ത് വാർഡുതോറും രൂപീകരിക്കുന്ന തെങ്ങ് കൃഷിക്കാരുടെ കമ്മിറ്റിയാണ് ഏത് തളിക്കുന്നതെന്ന് തീരുമാനിക്കുന്നത്. അത് തെരഞ്ഞെടുക്കാനുള്ള എല്ലാ അവകാശവും അവർക്കുണ്ട്. ജൈവ കീടനാശിനി തളിക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ അതുമാത്രം തളിക്കാൻ അവർക്ക് അധികാരമുണ്ട്. കണ്ണൂർ ജില്ലയിൽ ജൈവ കീടനാശിനി, വേപ്പെണ്ണ മാത്രമാണ് തളിക്കുന്നത്. കേരളത്തിൽ മറ്റു പല ജില്ലകളിലും വേപ്പെണ്ണ മാത്രമാണ് തളിക്കുന്നത്. അതേസമയം രാസ കീടനാശിനി തളിക്കണമെന്ന് ചിലർ ആഗ്രഹിക്കുന്നുവെങ്കിൽ അതിന് അവർക്ക് സബ്സിഡി കൊടുക്കുന്നുവെന്നുമാത്രമേയുള്ളൂ.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : മരുന്ന് തളിക്കുന്നതിനാവശ്യമായ സ്പ്രേയർ, മരുന്ന്, ആൾ ഇതൊന്നുമില്ലാത്തതുകൊണ്ട് ഇവിടെ വിശദീകരിച്ചതുപോലെ വിപുലമായ തരത്തിൽ ഇതുവരെ മരുന്ന് തളി ഒരിടത്തും നടക്കുന്നില്ലെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മരുന്നുകൊണ്ടുചെന്ന് കുപ്പിയിൽ നിറച്ച് തളിക്കുകയാണ്. ആളുകളെ കൊണ്ടു ചെന്ന് തെങ്ങിൽ കയറ്റിച്ചിട്ട് കുപ്പിയിലൊഴിച്ച് തളിക്കുകയാണ്. സ്പ്രേയറില്ല. മരുന്നില്ല. പൈസയും കൊടുക്കുന്നില്ല. പ്രഖ്യാപനമല്ലാതെ പൈസ കൊടുത്തിട്ട് അവിടെ വിതരണമൊന്നും നടക്കുന്നില്ല. ആളുമില്ല. ഇതൊക്കെ വാങ്ങാൻ ആളിനെ ട്രെയിൻ ചെയ്യിക്കാനാവശ്യമായ നടപടി എടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ 800-ഓളം പഞ്ചായത്തുകളിൽ സംഘടിതമായി മരുന്നുതളി നടന്നുവരുന്നുണ്ട്. മരുന്ന് തളി ആലപ്പുഴ ജില്ലയിലുമുണ്ട്. മുൻപേ തന്നെ ഏറ്റവും നല്ലനിലയിൽ കീടനാശിനി തളിച്ച ജില്ലയിലൊന്നാണ് ആലപ്പുഴ ജില്ല. തൊഴിലാളികളുടെ ലഭ്യതക്കുറവുണ്ട്. കേരളത്തിൽ തെങ്ങിൽ കയറാൻ ശീലമുള്ള തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. തെങ്ങിൻ കയറാൻ തയ്യാറുള്ളവരെ കണ്ടുപിടിച്ച് അവർക്കാവശ്യമായ പരിശീലനം കൊടുക്കാൻ കാർഷിക സർവ്വകലാശാല എല്ലാ പരിശ്രമങ്ങളും നടത്തുന്നുണ്ട്. തമിഴ്നാട്ടിൽ നിന്നു പോലും തെങ്ങിൽ കയറാൻ അറിയാവുന്ന തൊഴിലാളികളെ കൊണ്ടുവന്ന് മണ്ഡരി നാശിനി തളിക്കുന്നതിനുള്ള നടപടികളിൽ ഗ്രാമ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ആത്മാർത്ഥമായ സമീപനം സ്വീകരിക്കുന്നുണ്ട്. എവിടെയെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : വെള്ളയ്ക്കയിൽ മാത്രമാണ് ഇത് ബാധിക്കുന്നതെന്നാണ് ഗവൺമെന്റിന്റെ റിപ്പോർട്ട്. ഇത് മച്ചിങ്ങയിലല്ല ബാധിക്കുന്നത്. ഇല ഉണങ്ങുന്നുണ്ട്. കാലാന്തരത്തിൽ ഇല പോകുന്നുണ്ട്. തെങ്ങിന്റെ മണ്ടയും പോകുന്നു. ഇത് വിപുലമായ രീതിയിൽ ബാധിച്ചിരിക്കുന്ന ഒരു രോഗമാണ്. കാർഷിക സർവ്വകലാശാല, തോട്ടവിള ഗവേഷണ കേന്ദ്രം നൂറു കൊല്ലം ആലോചിച്ചിട്ടും ഇതുവരെ റൂട്ട് വിൽറ്റിന്റെ പ്രതിവിധി കണ്ടിട്ടില്ല. മണ്ണിനോ മറ്റോ ആണ് രോഗമെന്ന് ഇപ്പോൾ ആരോ പറയുന്നു. ഇതിൽ രാഷ്ട്രീയം കളിച്ചിട്ട് കാര്യമില്ല. കൃഷിക്കാർ ഒന്നുമില്ലാതെ നശിച്ചു. അതിനാവശ്യമായിട്ടുള്ള ആത്മാർത്ഥമായ നടപടികളെടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഗവൺമെന്റ് വളരെ ആത്മാർത്ഥമായിട്ടാണ് ഈ പ്രശ്നങ്ങളെ സമീപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഓല നശിക്കുന്നതൊക്കെ മണ്ഡരിയുടെ ഭാഗമായിട്ടല്ല. തിരുവിതാംകൂർ പ്രദേശത്ത് വെള്ളയ്ക്ക എന്നുപറയുന്നതും തൃശൂർ മുതൽ അങ്ങോട്ട് മച്ചിങ്ങ എന്നു പറയുന്നതും ഒന്നുതന്നെയാണ്. മച്ചിങ്ങയ്ക്കകത്ത് ആണ് മണ്ഡരി കയറിയിരുന്ന് അതിന്റെ നീര് കുടിച്ച് പിന്നെ മച്ചിങ്ങ കൊഴിയാൻ ഇടയാകുന്നത്. അതുമാത്രമേ നാശനഷ്ടമുണ്ടാകുവെന്നാണ് ഗവേഷണത്തിലൂടെ ഉണ്ടായിട്ടുള്ള റിസൾട്ട് എന്നാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : മൊത്തം 193 കോടി രൂപയുടെ പ്രൊപ്പോസൽ വേണ്ടിവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ നൂറുകോടി രൂപയുടെ ധനസഹായം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളതായും വ്യക്തമാക്കി. അതിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ഇതുവരെയായി എന്താണെന്നുള്ളത് വ്യക്തമാക്കാമോ; സംസ്ഥാനത്തുടനീളം ബാധിച്ചിട്ടുള്ള ഒരു ദുരവസ്ഥയെന്നുള്ള നിലയിൽ കേന്ദ്ര ഗവൺമെന്റ് അനുകൂലമായ സമീപനമെടുത്തിട്ടുണ്ടോയെന്നുള്ളത് വ്യക്തമാക്കാമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഒക്ടോബർ മാസത്തിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പ്രധാനമന്ത്രിക്ക് നൽകി. അതിനുശേഷം കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് നൽകി. കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി നേരിട്ട് ഈ കാര്യം ചർച്ച ചെയ്തു. അതിൽ അദ്ദേഹത്തിന്റെ സമീപനമായി മനസ്സിലാക്കിയിട്ടുള്ളത് നമ്മളെ സഹായിക്കണമെന്നാണ്. അദ്ദേഹം പറഞ്ഞതനുസരിച്ച് പ്ലാനിംഗ് കമ്മിഷന്റെ വൈസ് ചെയർമാനും സാമ്പത്തിക സഹായത്തിനുവേണ്ടി മുഖ്യമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. ഇന്നലെ കേരള എം.പി.മാർ കേന്ദ്ര കൃഷി വകുപ്പുമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞതായി ഇന്ന് പത്ര വാർത്ത വന്നിട്ടുള്ളത് കേരളത്തിന് കുറച്ചുകൂടി സഹായകമായ വാർത്തയാണ്. വാർത്തകളും സമീപനങ്ങളുമുണ്ടെങ്കിലും സാമ്പത്തിക സഹായം കൈയിൽ കിട്ടിയാൽമാത്രമേ കിട്ടിയെന്ന് ഉറപ്പിക്കാൻ കഴിയും.

<u>ശ്രീ. പുന്നൂസ് തോമസ്</u> : മണ്ഡരി രോഗബാധയെത്തുടർന്ന് കേരള സംസ്ഥാനത്തിലെ തെങ്ങുകളുടെ സമഗ്രമായ കേരളാ സോഫ്റ്റ് ആന്റ് ഓയിൽസ് ഒരു ശത്രുനെ കണ്ടുപിടിച്ചിട്ടുണ്ടെന്നുള്ള വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. അത് കേരള സംസ്ഥാനത്തിൽ രോഗബാധയെത്തുടർന്ന് പ്രവർത്തിക്കാൻ കഴിയുമോയെന്നുള്ളതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധന നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ

അത് വിശദീകരിക്കുമോ; ഇല്ലെങ്കിൽ പൊതുമേഖലാസ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്ന് ഇതിനുവേണ്ടി ഉപയോഗിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സോപ്സ് ആന്റ് ഓയിൽസ് എന്നുപറയുന്ന ഒരു പൊതുമേഖലാസ്ഥാപനം ഒരു മീൻ എണ്ണയുടെ സോപ്പ് ലായനി കണ്ടെത്തിയതായി ഗവൺമെന്റിനെ അറിയിച്ചു. ഗവൺമെന്റിന് അതു സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞ ഉടൻ തന്നെ കാർഷിക സർവ്വകലാശാലയോടും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തോടും ഈ ജൈവകീടനാശിനി പ്രയോഗിച്ച് ഇത് മണ്ഡരിയെ പ്രതിരോധിക്കാൻ കഴിയുന്നതാണെങ്കിൽ അതിന്റെ അനുഭവങ്ങൾ ഗവൺമെന്റിനെ അറിയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഈ രണ്ട് ഗവേഷണ ഏജൻസികളും ഇത് ഇപ്പോൾ തെങ്ങിൽ തളിച്ചിട്ടുണ്ട്. അതിന്റെ റിസൾട്ട് ഗവൺമെന്റ് കാത്തിരിക്കുകയാണ്.

<u>ശ്രീ. എൻ. കണ്ണൻ</u> : കേരളത്തിൽ മണ്ഡരിബാധ എങ്ങനെ വന്നതെന്നുള്ളതുസംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : എറണാകുളം ജില്ലയിൽ ആമ്പല്ലൂർ ആണ് വന്നത്. അതേസമയം തമിഴ്നാട്ടിൽ പൊള്ളാച്ചി പ്രദേശത്തും കാണുകയുണ്ടായി. ശ്രീലങ്കയിൽ ഇപ്പോൾ വ്യാപകമായുണ്ട്. കർണ്ണാടകയിലും ആന്ധ്രയിലുമുണ്ട്, ഫിലിപ്പൈൻസിലുമുണ്ട്. എങ്ങനെയാണ് അതിന്റെ സാദ്ധ്യതയെന്നുള്ളത് സംബന്ധിച്ച് എന്താണ് പറയാൻ കഴിയുക?

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : ജൈവകീടനാശിനിയാണ് ഏറെ ഫലപ്രദമെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇതിനാവശ്യമായിട്ടുള്ള ഗുണനിലവാരമുള്ള വേപ്പെണ്ണ ലഭിക്കുന്നില്ലെന്നുള്ളതാണ്. കൃഷിക്കാരുടെ പ്രശ്നം. അത് പരിഹരിക്കുന്നതിന് ഗുണനിലവാരമുള്ള വേപ്പെണ്ണ എത്തിച്ചുകൊടുക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : വേപ്പെണ്ണയുടെ ഗുണനിലവാരം തിട്ടപ്പെടുത്താവുന്ന ഒരു സംവിധാനവും കേരളത്തിലില്ല. കേരളത്തിൽ അതിന്റെ ഗുണനിലവാരം തിട്ടപ്പെടുത്താനുള്ള സാങ്കേതികമായ ഒരു സംവിധാനവുമില്ലാത്തിടത്തോളം കാലം നമ്മൾ വാങ്ങുന്ന വേപ്പെണ്ണ 100% വേപ്പെണ്ണയുടെ അംശം ഉള്ളതാണോയെന്ന് തെളിയിക്കപ്പെടാൻ കഴിയുകയില്ല. അതു കൊണ്ട് ഇത് വാർഡ് തലത്തിലുള്ള, പഞ്ചായത്തുകളോ സഹകരണസ്ഥാപനങ്ങളോ വാങ്ങുന്നതാണ് നല്ലത്.

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഈ രോഗ ബാധ വ്യാപകമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ സംസ്ഥാനത്തു മാത്രം ഇതിന്റെ പ്രതിരോധ നടപടികൾ നടത്തുന്നതുകൊണ്ട് ഫലമില്ല. മറ്റ് സംസ്ഥാനത്തു നിന്നും ഇങ്ങോട്ട് വ്യാപിക്കാൻ ഇടയുള്ളതുകൊണ്ട് ഈ കീടബാധയുള്ള സംസ്ഥാനങ്ങളെ യോജിപ്പിച്ച് ഒരു ദേശീയ ദുരന്തമെന്ന നിലയിൽ കേന്ദ്രത്തിന്റെ സഹായം വാങ്ങി ഇതിനെ പ്രതിരോധിക്കാനുള്ള നടപടികൾക്ക് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കേരള ഗവൺമെന്റിന്റെ അഭ്യർത്ഥനയെ തുടർന്ന് കർണ്ണാടക, തമിഴ്നാട്, കേരള ഗവൺമെന്റുകളിലെ കൃഷിവകുപ്പു ഉദ്യോഗസ്ഥൻമാരുടെ സംയുക്തമായ ഒരു യോഗം കേന്ദ്ര കൃഷിവകുപ്പുതന്നെ നേരിട്ട് വിളിച്ചിരുന്നു. ആ യോഗത്തിൽ അതിന്റെ എല്ലാ വശങ്ങളും ചർച്ച ചെയ്തു. കേരളം മാത്രം പ്രതിരോധ പ്രവർത്തനങ്ങൾ നട

LIBRARY ARCHIVES Kerala Legislative Assembly

ത്തിയാൽ പോര. തമിഴ്നാടും കർണ്ണാടകയുമൊക്കെ നടത്തേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദാംശങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടിയിട്ട് കേന്ദ്ര കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ 15-ാം തീയതി തന്നെ ബന്ധപ്പെട്ട എല്ലാവരുടെയും യോഗം വിളിച്ചുചേർത്തിരിക്കുകയാണ്. അതിൽ ഇതിനുവേണ്ടിയിട്ടുള്ള ശുപാർശ ഉണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ.പി.. രാജേന്ദ്രൻ : ഗവൺമെന്റ് നടത്തികൊണ്ടിരിക്കുന്ന ഊർജ്ജിതമായ ഈ പ്രവർത്തനങ്ങൾക്ക് കേര സമിതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി വളരെ നല്ല രീതിയിൽ അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ സജ്ജമാക്കിയിട്ടുണ്ട്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം തെങ്ങിന്റെ മുകളിൽ കയറി മരുന്ന് തളിക്കാനുള്ള തൊഴിലാളികളെ കിട്ടുന്നില്ലയെന്നുള്ളതാണ്. പരമ്പരാഗതമായിട്ടുള്ള തെങ്ങ് കയറ്റത്തൊഴിലാളികളുടെ എണ്ണം വളരെ കുറഞ്ഞുവന്നിരിക്കുകയാണ്. ആ തൊഴിലാളികൾ തന്നെ ഈ മരുന്നു തളിക്കുന്നത് അപകടകരമാണെന്നും ഒരുപാട് വാർത്തകൾ പരന്നതിന്റെ ഫലമായിട്ട് തെങ്ങിൽ കയറി മരുന്നു തളിക്കാൻ ധൈര്യപ്പെടുന്നില്ല. അതുകൊണ്ടു തന്നെ തെങ്ങുകയറ്റത്തൊഴിലാളികളെ മാത്രം ഡിപ്പെന്റ് ചെയ്ത് ഈ മരുന്ന് കേരളം മുഴുവൻ തളിക്കുമെന്നു പറഞ്ഞാൽ അത് പ്രായോഗികമായി ഒരുപാട് കാലതാമസം ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഇതിനോട് കൂടുതൽ ആളുകളെ അവരവരുടെ പ്രദേശങ്ങളിൽ അവരവർ തന്നെ മരുന്നു തളിക്കണമെന്ന രീതിയിൽ ആകർഷിക്കാൻ കഴിയണം. കേരള കാർഷിക സർവ്വകലാശാലയിൽ അവിടത്തെ പെൺകുട്ടികൾ ഉൾപ്പെടെയുള്ള സീനിയർ വിദ്യാർത്ഥികളാണ് തെങ്ങുകളിൽ കയറി ഈ മരുന്നു തളിച്ചത്. അതുകൊണ്ട് കൂടുതൽ തെങ്ങുകളിൽ കയറി മരുന്നു തളിക്കാനുള്ള തൊഴിലാളികളെ കിട്ടാൻ മുഴുവൻ പേരെയും ഇതിലേയ്ക്ക് താൽപ്പര്യമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഒന്നാം ഘട്ടത്തിൽ ഇത് പരീക്ഷിച്ച് കൃഷിക്കാർ ഇത് തളിക്കണമെന്ന് ശുപാർശ ഉണ്ടായി. പക്ഷെ അന്നത്തെ 27 ലക്ഷം തെങ്ങുകൾക്കേ ഒന്നാം ഘട്ടത്തിൽ തളിക്കാൻ കഴിഞ്ഞുള്ളൂ. പല കർഷകരും താൽപ്പര്യം പ്രകടിപ്പിക്കുന്നില്ല. അതുകൊണ്ടാണ് ഗ്രാമ പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ചുമതലയിൽ മരുന്നു തളിക്കാൻ ആവശ്യമായിട്ടുള്ള ഒരു കൂട്ടായ്മ വളർത്തിയെടുത്തത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇതിന്റെ ഉടമകൾ തന്നെ ഇത് തളിക്കാൻ തയ്യാറായിട്ട് വരികയാണെങ്കിൽ ഒരു പ്രശ്നവും ഗവൺമെന്റിനില്ല. മണ്ഡരി നാശിനിയുടെ ചെലവ് അടക്കം 9 രൂപ ഓരോ തെങ്ങിനും കർഷകന് കൊടുക്കാനായിട്ട് ഗ്രാമ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർതന്നെ മുൻകൈയെടുത്ത് ഒരു സമീപനം ആരംഭിക്കുന്നത് നല്ലതാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : ജൈവകീടനാശിനിക്കാണ് കൂടുതൽ താൽപ്പര്യം വരുന്നതെന്ന് കണക്കിലെടുത്തുകൊണ്ട് വേപ്പെണ്ണ, വെളുത്തുള്ളി എന്നിവ ഗുണമേന്മയുള്ളതു കിട്ടാൻ വളരെ പ്രയാസമാണ്. ഞങ്ങളൊക്കെ പരിശ്രമിച്ച് പരാജയപ്പെട്ടതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നും നേരിട്ട് സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ ചർച്ച ചെയ്ത് ക്വാളിറ്റിയുള്ള വേപ്പെണ്ണയും വെളുത്തുള്ളിയും ആവശ്യത്തിന് കിട്ടാനും നമ്മുടെ മാർക്കറ്റിംഗ് ഫെഡറേഷനോ മറ്റ് സംവിധാനങ്ങളോ വഴി, കൃഷിഭവനുകൾ വഴി ഇത് വിത

LIBRARY ARCHIVES Kerala Legislative Assembly

രണം ചെയ്യാനുമുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ ആവശ്യത്തിന് കിട്ടാൻ ബുദ്ധിമുട്ട് വരും. അതിനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇത് ചർച്ച ചെയ്യാനൊക്കെ തയ്യാറാണ്. അവിടെനിന്നുള്ള വേപ്പെണ്ണ 100% ഗുണമേൻമയുള്ളതാണെന്ന് ഉറപ്പ് വരുത്താൻ ഒരു സാദ്ധ്യതയുമില്ല. അങ്ങനെ ഒരു സാഹചര്യത്തിൽ ഗവൺമെന്റ് വേപ്പെണ്ണ കച്ചവടം നടത്താൻ ഉദ്ദേശിക്കുന്നില്ല. ചർച്ച ചെയ്യാൻ തയ്യാറാണ്.

ശ്രീ. ആന്റണി രാജു : കൃഷിമുറകളെപ്പറ്റിയും കീടനാശിനികളെപ്പറ്റിയും രോഗപ്രതിരോധത്തെപ്പറ്റിയും ആധികാരികമായിട്ട് പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ കാർഷിക സർവ്വകലാശാല പുറത്തിറക്കുന്ന പാക്കേജ് ഓഫ് പ്രാക്ടീസ് എന്ന പ്രസിദ്ധീകരണത്തിലാണ് ഏറ്റവും ഒടുവിൽ പുറത്തിറക്കിയത് 96-ലാണ്. ക്രോപ്സ് 96 എന്ന പേരിൽ. അതിലൊരിടത്തും തന്നെ മൺഡരി രോഗത്തെ കുറിച്ചോ അതിന്റെ ഭീഷണിയെ കുറിച്ചോ പറഞ്ഞിട്ടില്ലായിരുന്നു. അപ്പോൾ 96-നുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് അതിന്റെ വൈറസ് കടന്നു വന്നിട്ടുള്ളത്. 96-ൽ ലക്ഷദ്വീപിൽ നിന്നും കാർഷിക സർവ്വകലാശാലയുടെ കൃഷിവിഭാഗം രണ്ട് ലക്ഷം വിത്ത് തേങ്ങകൾ കപ്പൽ മാർഗ്ഗം കൊച്ചിയിൽ ഇറക്കുമതി ചെയ്തിരുന്നു. അതിന് അന്ന് ചന്ദ്രകൽപ്പയെന്ന പേരു നൽകി കേരളത്തിലാകമാനം വിതരണം ചെയ്തു. ഇത്തരം സാധനങ്ങൾ ഇറക്കുമതി ചെയ്യുംപോൾ പാലിക്കേണ്ട വ്യവസ്ഥകൾ അടങ്ങുന്നതാണ് പ്ലാന്റ് ക്വാറന്റൈൻ നിയമമെന്നു പറയുന്നത്. ആ നിയമം പാലിക്കാതെയാണ് അന്ന് കേരളത്തിൽ രണ്ട് ലക്ഷം വിത്തുകൾ ഇറക്കുമതി ചെയ്തിരുന്നത്. ബയോളജിക്കൽ വാറിന്റെ ഭാഗമായി ചെടികളിലൂടെയും വിത്തുകളിലൂടെയും വൈറസ് കടത്തിവിട്ട് രാജ്യങ്ങളെപോലും നശിപ്പിക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ വിത്തുകളും ചെടികളും വിതരണം ചെയ്യുംപോൾ പാലിക്കേണ്ട വ്യവസ്ഥ അടങ്ങിയ പ്ലാന്റ് ക്വാറന്റൈൻ നിയമം ശക്തമായി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള ഒരഭിപായം പുറത്തു പലരും പറയുന്നുണ്ട്. ഇക്കാര്യത്തിൽ സാദ്ധ്യമായിട്ടുള്ള എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. ആന്റണി രാജു : ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ പറഞ്ഞു ഇതിനെ പ്രതിരോധിക്കാൻ എതിർ പ്രാണികളെ കണ്ടെത്തിയതായിട്ട്. രാസകീടനാശിനികളാണ് ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കീടനാശിനികൾ ഉപയോഗിച്ചാൽ ഏത് പ്രാണികളും നശിച്ചുപോകും. അതുപോലെതന്നെ തെങ്ങിന് നാചറൽ റെസിസ്റ്റൻസ് നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ജൈവകീടനാശിനി മാത്രം ഉപയോഗിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ജൈവകീടനാശിനിയാണ് ഗവൺമെന്റിന് താൽപ്പര്യം. ജൈവകീടനാശിനി തളിക്കാൻ തന്നെയാണ് ഗവൺമെന്റ് എല്ലായിടത്തും പറയുന്നത്. പക്ഷെ അതിന്റെ ലഭ്യത കുറവായതുകൊണ്ട് കാർഷിക സർവ്വകലാശാലതന്നെ ശുപാർശ ചെയ്ത മറ്റൊരു രാസകീടനാശിനി പ്രയോഗിക്കുന്നുവെന്നു മാത്രം. അത് പ്രയോഗിക്കുന്നതുകൊണ്ട് മൺഡരിക്ക് എതിരായിട്ട് ഉയർത്തുവരാൻ സാദ്ധ്യതയുള്ള എതിർപ്രാണികൾക്കൊന്നും തന്നെ നാശം സംഭവിക്കുന്നതല്ലയെന്നാണ് ഗവേഷണ ഏജൻസികളുടെ ശുപാർശയിൽ പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട ഗൗരിയമ്മയുടെയും ശ്രീ. രാജേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ന്റെയും ചോദ്യവും മന്ത്രിയുടെ മറുപടിയും കേട്ടു കഴിഞ്ഞപ്പോഴാണ് [illegible] വലിയൊരു ദുരന്തത്തിന്റെ നടുവിലാണ്, വലിയ ഒരു ദുരന്തം കേരളത്തിൽ വന്നു കൊണ്ടിരിക്കുകയാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒന്നര വർഷങ്ങൾക്കു മുൻപ് എറണാകുളം ജില്ലയിലെ രണ്ട് പഞ്ചായത്തുകളിൽ പ്രത്യക്ഷപ്പെട്ട മണ്ഡരിരോഗം ഒന്നര വർഷം കൊണ്ട് മന്ത്രിയുടെ കണക്കനുസരിച്ച് ഗവൺമെന്റിന്റെ കണക്കനുസരിച്ച് 11 ജില്ലകളിലേയ്ക്ക് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. 20 ശതമാനത്തിലേറെ തെങ്ങുകൾക്ക് ഈ രോഗം ബാധിച്ചുകഴിഞ്ഞ് ഗവൺമെന്റ് കാണ്ടെത്തി. അനൗദ്യോഗികമായി പത്രങ്ങളിൽ വരുന്ന കണക്കനുസരിച്ച് 50-60 ശതമാനം വരെ തെങ്ങുകൾക്ക് ഇത് ബാധിച്ചിട്ടുണ്ട്. സംഗതി ഇത് രണ്ടിന്റെയും മദ്ധ്യത്തിലെങ്കിലുമായിരിക്കുമല്ലോ. ഇപ്പോൾ ദിനംപ്രതി കൊണ്ട് കേരളത്തിലെ ഗണ്യമായ ഒരു വിഭാഗം തെങ്ങിനെ ഇത് ബാധിച്ചു കഴിഞ്ഞിരിക്കുന്നു. അതിവേഗം പടരുന്ന ഒരു രോഗമാണെന്ന് വ്യക്തമായിട്ടുള്ള താണ്. ഇതിനു മുമ്പ് വന്ന Rootwilt പോലെയല്ല. അതേസമയം ഇതിന്റെ പ്രതിരോധത്തെക്കുറിച്ച് ശ്രീമതി ഗൗരിയമ്മയും ശ്രീ. രാജേന്ദ്രനും പറഞ്ഞു. തെങ്ങിൽ കയറാൻ ആളില്ല, മായം ചേർക്കാതെ വെളിച്ചെണ്ണ കിട്ടുന്നില്ല, എന്നൊക്കെ പറയുന്നു വെളിച്ചെണ്ണ കച്ചവടത്തിന് ഗവൺമെന്റ് തയ്യാറല്ല. ഇപ്പോൾ ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. ഒന്നുരണ്ടു വർഷം കൊണ്ട് കേരളത്തിലെ തെങ്ങുകളെ ഇത് ആക്രമിച്ചുവെങ്കിൽ ഗൗരവമായി ഇത് കൈകാര്യം ചെയ്തില്ലെങ്കിൽ നടുതെ ഒന്നോ രണ്ടോ മൂന്നോ വർഷത്തിനകം കേരളത്തിലെ മുഴുവൻ തെങ്ങുകളേയും തന്നെ മണ്ഡരി രോഗം ബാധിച്ച് കേരളത്തിൽ നാളികേരമില്ലാത്ത സ്ഥിതി വരും. കേരളത്തിലെ സമ്പദ്ഘടന തകരും, കർഷകരും തൊഴിലാളികളും തകരും. അതുകൊണ്ട് ത്രിതല പഞ്ചായത്തുകളെയും കൃഷി ഡിപ്പാർട്ടുമെന്റിനെയും മാത്രം ഏൽപ്പിക്കുന്നതിനു പകരം ഗവൺമെന്റിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റ് മെഷിനറി മുഴുവനും, കർഷകത്തിലെ കർഷക സംഘടനകൾ, തൊഴിലാളി സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, കാർഷിക ശാസ്ത്രജ്ഞൻമാർ ഇവരെയെല്ലാം യോജിപ്പിച്ചുകൊണ്ട് ഒരു യുദ്ധത്തെ നേരിടുന്ന രീതിയിൽ ഒരു യുദ്ധകാലാടിസ്ഥാനത്തിൽ ഈ ഗവൺമെന്റിന്റെ ഈ വരുന്ന കുറെ നാളുകളെ ഏറ്റവും വലിയൊരു പരീക്ഷണമായി ഇതിനെ ഏടുത്തുകാൻ മുഖ്യമന്ത്രിയുടെ നേതൃത്തിൽ ഗവൺമെന്റ് ഒന്നടങ്കം തയ്യാറാകുമോ? തയ്യാറായാൽ പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കുഞ്ഞിരാമൻ കണിയാംപറമ്പിൽ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെയല്ല സംഗതികൾ നടന്നത്. അദ്ദേഹമിവിടെ പറഞ്ഞത് ആമ്പല്ലൂരിലാണ് മണ്ഡരിരോഗബാധ ആദ്യമുണ്ടായതെന്നാണ്. അവിടെ ഈ രോഗം കണ്ട മുഴുവൻ തെങ്ങുകളിലും മണ്ഡരി നാശിനി തളിച്ച് അത് പ്രതിരോധിക്കാൻ വേണ്ട നടപടികൾ സമയബന്ധിതമായിത്തന്നെ നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു...(ബഹളം)...

<u>ശ്രീ. ടി.എം. ജേക്കബ്</u> : അവിടെ ആമ്പല്ലൂരിലൊന്നും മണ്ഡരി ബാധിച്ച തെങ്ങുകളിൽ വേണ്ടവണ്ണം മരുന്നുതളി നടത്തിയിട്ടില്ല. വെറുതേ നിയമസഭയിൽ വന്ന് എന്തെങ്കിലും വിളിച്ചുപറഞ്ഞാൽ മതിയോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇവിടെയിപ്പോൾ ജേക്കബിന് പറ്റിയത് എന്താണെന്നറിയില്ല. മരുന്നുതളിച്ചത് ആ മണ്ഡരിനാശിനി തളിച്ചത് എല്ലാവരുടെയും പ്രത്യേകിച്ചും കർഷകരുടെയും ജനപ്രതിനിധികളുടെയും എല്ലാം സാന്നിദ്ധ്യത്തിലാണ് ഒന്നാം റൗണ്ട് കീടനാശിനി അവിടത്തെ എല്ലാ തെങ്ങുകളിലും ഞങ്ങൾ തളിപ്പിച്ചു. അതിനുശേഷം ആദ്യമായിട്ട് വന്ന ഒരു കീടമാണ്. അതിനെ പ്രതിരോധിക്കാൻ ആവശ്യമായിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നിർദ്ദേശിക്കാൻ സമയം വേണം. വളരെക്കുറച്ച് സമയം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഇതിനായി കാർഷികസർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രവും എടുത്തിട്ടുള്ളൂ. ഇതിനുശേഷം വീണ്ടും അതിന്റെ തുടർനടപടികൾ ആരംഭിച്ചു. അതിനെ ഗവൺമെന്റ് സമയബന്ധിതമായി അടിയന്തിരമായി ഇടപെട്ടിട്ടുണ്ട്. വേണ്ട നടപടികളൊക്കെത്തന്നെ സ്വീകരിച്ചിട്ടുമുണ്ട്. ഇത് തെങ്ങുകളിലേക്ക് കാറ്റിലൂടെ പടരുന്നതാണ്. അതുകൊണ്ട് ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ട നടപടികൾ യുദ്ധകാലാടിസ്ഥാനത്തിലെന്നോളം ഗ്രാമപഞ്ചായത്തുകളിലും അതുപോലെതന്നെ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഗവൺമെന്റും ഒത്തൊരുമിച്ച് കർഷകരും കർഷക സംഘടനകളുമൊക്കെ നല്ലതുപോലെ യോജിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം മണ്ഡരി കീടനാശിനി തളിക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി നടന്നുവരുന്നത്. ആ പ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്താവുന്ന പ്രസ്താവനകളും ചില സ്റ്റേറ്റുമെന്റുകളുമാണ് നിർഭാഗ്യവശാൽ ചില കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരുന്നത്. അത് ഏറെ നിർഭാഗ്യകരമാണ്.

<u>ശ്രീ. എ.കെ. ആന്റണി</u> : മന്ത്രി ഈ പ്രശ്നത്തെ വളരെ ലാഘവബുദ്ധിയോടുകൂടിയാണ് കൈകാര്യം ചെയ്യുന്നത്. അതിനെതിരെയാണ് ആരോപണമുന്നയിച്ചത്.....(ബഹളം).....

<u>മി. സ്പീക്കർ</u> : ശ്രീ. ടി.കെ. ബാലൻ, അങ്ങ് ചോദ്യം ഉന്നയിക്കണം. അവർ അങ്ങോട്ടുമിങ്ങോട്ടും എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കട്ടെ.

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, തെങ്ങിൽ മരുന്ന് തളിക്കാൻവേണ്ടി പരമ്പരാഗതമായി പരിചയമുള്ള ആളുകളെ കിട്ടാനില്ലെന്ന് ഇവിടെ പരാമർശമുണ്ടായി. ഞങ്ങളുടെയൊക്കെ സ്ഥലത്ത് ഇപ്പോൾ തെങ്ങുകളിൽ മരുന്ന് തളിക്കാൻവേണ്ടി തെങ്ങിൽക്കയറാൻ പരിചയമില്ലാത്ത ചെറുപ്പക്കാരെയാണ് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ എന്റെ നിയോജകമണ്ഡലത്തിൽ മരുന്നുതളിയിലേർപ്പെട്ടിരുന്ന രണ്ട് ചെറുപ്പക്കാർ തെങ്ങിൽനിന്ന് താഴെ വീണു. പക്ഷേ അവിടെ പൂഴിപ്രദേശമായതുകൊണ്ട് അവർക്ക് അപകടമൊന്നുംതന്നെ പറ്റിയില്ല. അതുകൊണ്ട് തെങ്ങുകളിൽക്കയറിയുള്ള മരുന്നുതളിക്കുള്ള പ്രോൽസാഹനമെന്ന നിലയിൽ അവർക്ക് റിസ്ക്ക് കവർ ചെയ്യുന്നതിനുവേണ്ടി മരുന്നു തളിക്കുന്ന സമയത്തുമാത്രം എന്തെങ്കിലും അപകടം സംഭവിച്ചാൽ അവർക്ക് ഒരു ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനു സഹായമായ വിധത്തിൽ അവർക്ക് ഒരു ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തുന്നതിനു വേണ്ട നടപടിയുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; ഇക്കാര്യം ഗൗരവതരമായിട്ട് പരിഗണിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, നമ്മുടെ സംസ്ഥാനത്ത് തെങ്ങിൽ കയറുന്നതിന് പരിശീലനമുള്ള തൊഴിലാളികളുടെ അംഗസംഖ്യ കുറയുകയാണ്. അത് കുറഞ്ഞുവരുന്നതിനുള്ള കാരണം നമ്മൾ എല്ലാവരും പരിശോധിക്കേണ്ടതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഇപ്പോൾ പോകുന്നില്ല. പലപ്രദേശങ്ങളിലും ചെറുപ്പക്കാരെ അതിനുവേണ്ട പരിശീലനം കൊടുത്തിട്ടാണ് അവർ തെങ്ങിൽക്കയറി മണ്ഡരിനാശിനി തളിക്കുന്നത്. തമിഴ്നാട്ടിൽനിന്ന് പോലും തൊഴിലാളികളെ ഇവിടേക്ക് കൊണ്ടുവന്നാണ് ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ മരുന്നുതളി നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മരുന്ന് തളിക്കുന്ന അവസരത്തിൽ ആ പണിയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളിക്ക് എന്തെങ്കിലും അപകടം സംഭവിച്ചാൽ ആ അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് സംരക്ഷണവും നഷ്ടപരിഹാരവും കിട്ടത്തക്കവിധത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വളരെ അടിയന്തിരമായി അത് നടപ്പാക്കാനായിട്ട് ഗവൺമെന്റ് മുന്നോട്ടുവരും.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ചോദ്യം 59, ശ്രീ. പി. രാഘവൻ, ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി. ഒരേ വിഷയമായതുകൊണ്ട് ചോദ്യം 62 കൂടി എടുക്ക ണം.

3 (* 59) ഏകീകൃത വിൽപ്പന നികുതി സംവിധാനം

ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 നവംബർ മാസത്തിൽ ഡൽഹിയിൽ ചേർന്ന സംസ്ഥാന മുഖ്യമന്ത്രിമാർ, ധനകാര്യമന്ത്രിമാർ എന്നിവരുടെ യോഗത്തിൽ സംസ്ഥാനങ്ങ ളിലെ വിൽപ്പന നികുതി ഏകീകരിക്കുന്നതിനെ സംബന്ധിച്ച് തീരുമാനം എടു ത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് കേരളത്തിൽ താൽപ്പര്യങ്ങൾക്ക് ഗുണകരമാണോ; എങ്കിൽ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം നടപ്പിലാക്കുന്ന തോടെ സംസ്ഥാനത്ത് വില കുറയാൻ സാദ്ധ്യതയുള്ള അവശ്യ സാധനങ്ങൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാ ണെന്ന് വ്യക്തമാക്കുമോ;

(ഡി) വിൽപ്പന നികുതി ഏകീകരിക്കുന്നതിനായി വിൽപ്പന നികുതി നിയമത്തിൽ ആവശ്യമായ മാറ്റം വരുത്താൻ എന്തെല്ലാം നടപടികൾ സ്വീക രിച്ചു എന്ന് അറിയിക്കുമോ;

(ഇ) കേന്ദ്ര ഗവണ്മെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന ഏകീകൃത വിൽപ്പന നികുതി സമ്പ്രദായത്തെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വില യിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)ഏകീകൃത വിൽപ്പന നികുതി സമ്പ്രദായം മൂലം വില വർദ്ധന വുണ്ടാകുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് ഏകീകൃത വിൽപ്പന നികുതി സംവിധാനം പ്രാബല്യത്തിൽ വന്നാൽ ആയതു നികുതി വരുമാനത്തെ ഏതെങ്കിലും വിധ ത്തിൽ ബാധിക്കുമെന്നു കരുതുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ;

(എച്ച്) ഏകീകൃത വിൽപ്പന നികുതി സംവിധാനത്തിന്റെ അടിസ്ഥാന തത്വം എന്തെന്നു വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ബാധക മായ രീതിയിൽ 1-1-2000 മുതൽ നികുതി നിരക്കിൽ ഏകീകൃത 'ഫ്ളോർ റേറ്റ്' (uniform floor rate) നടപ്പിലാക്കണമെന്നും വ്യവസായങ്ങൾക്കുള്ള വിൽപ്പന

LIBRARY ARCHIVES Kerala Legislative Assembly